Draft #3 of File 42226/AC A1-3/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 21-Oct-2021 12:20 PM - Page 1

YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

തൊടുപുഴ,അൽ -അസ്ഹർ ലോ കോളേജ് -2021-2022 അധ്യയനവർഷം - LLM(Maritime Law-15 സീറ്റ് )പുതുതായി ആരംഭിക്കുന്നതിനും LLM (Criminal Law), BA LLB (5 Year), LLB (3 Year) എന്നിവയുടെ സീറ്റ് വർദ്ധനവിനുമായി സമർപ്പിച്ച അപേക്ഷ - പരിശോധനാ സമിതിയെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 5514/AC A 1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 21.10.2021

---

*പരാമർശം:*-1.തൊടുപുഴ,അൽ -അസ്ഹർ ലോ കോളേജിന്റെ പ്രിൻസിപ്പലും നൂറുൽ ഇസ്ലാം ട്രസ്റ്റ് ചെയർമാനും ചേർന്ന് സമർപ്പിച്ചിട്ടുള്ള അപേക്ഷ.

2. 06.10.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് ഉപസമിതി അഫിലിയേഷൻ ആൻഡ് അപ്പ്രൂവൽ യോഗത്തിന്റെ നടപടി ക്രമം ഇനം.നം.42226/ACA1-3/2020.

**ഉത്തരവ്**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ ലോ കോളേജായ തൊടുപുഴ,അൽ -അസ്ഹർ ലോ കോളേജിൽ 2021-2022 അധ്യയനവർഷം മുതൽ ചുവടെ പട്ടികയിൽ ചേർത്തിരിക്കും പ്രകാരം പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

| Sl.No. | Name of Programme | Number of Seats | Remarks |
|---|---|---|---|
| 1 | LLM(Maritime Law) | 15 | New |
| 2 | LLM (Criminal Law) | 15 | Additional Batch |
| 3 | LLB (3 Year) | 60 | Additional Batch |
| 4 | BA LLB (5 Year) | 60 | Additional Batch |

പരാമർശം (2) പ്രകാരം കൂടിയ സിൻഡിക്കേറ്റ് ഉപസമിതി അഫിലിയേഷൻ ആൻഡ് അപ്പ്രൂവൽ യോഗം, സ്വാശ്രയ ലോ കോളേജായ തൊടുപുഴ,അൽ -അസ്ഹർ ലോ കോളേജിൽ 2021-2022 അധ്യയനവർഷം മുതൽ 15 സീറ്റുകളോട് കൂടി LLM (Maritime Law) പുതുതായി ആരംഭിക്കുന്നതിനും LLM (Criminal Law), BA LLB(5 Year), LLB(3 Year) എന്നിവയുടെ സീറ്റ് വർദ്ധനവിനും ആവശ്യമായ പഠന ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡോ. വർഗ്ഗീസ് കെ. ചെറിയാൻ (സിൻഡിക്കേറ്റംഗം), ഡോ.ഗിരിശങ്കർ എസ്.എസ്, അസ്സോസിയേറ്റ് പ്രൊഫസർ, ഗവ: ലോ കോളേജ്, എറണാകുളം (വിഷയ വിദഗ്ധൻ) എന്നിവരെ പരിശോധനാസമിതി ആയി നിയമിക്കാൻ ശുപാർശ ചെയ്തു.

ടി ശുപാർശ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III, വകുപ്പ് 10(17)പ്രകാരമുള്ള പ്രത്യേക അധികാരമുപയോഗിച്ച് അംഗീകരിച്ചുകൊണ്ട് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊ-വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

അൽ-അസ്ഹർ കോളേജ് പ്രിൻസിപ്പൽ പരിശോധന തീയതി നിശ്ചയിക്കുന്നതിനായി പരിശോധനാ സമിതി അംഗങ്ങളെ സമീപിക്കേണ്ടതാണ്. അതുപോലെ പരിശോധന ഫീസിനത്തിൽ 6300/- രൂപ ഓൺലൈനായി സർവകലാശാലയിൽ അടയ്ക്കേണ്ടതുമാണ്.

പരിശോധനാ സമിതി പരിശോധന നടത്തിയതിനുശേഷം, റിപ്പോർട്ട് എത്രയും വേഗം സർവ്വകലാശാല നിഷ്കർഷിച്ചിരിക്കുന്ന നിർദ്ദിഷ്ട ഫാറത്തിൽ പ്രത്യേക ശുപാർശകളോടെ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. പ്രിൻസിപ്പൽ, അൽ-അസ്ഹർ ലോ കോളേജ് ,തൊടുപുഴ
2 . ചെയർമാൻ, നൂറുൽ ഇസ്ലാം ട്രസ്റ്റ്
3 . ഡോ. വർഗ്ഗീസ് കെ. ചെറിയാൻ (സിൻഡിക്കേറ്റംഗം)
4. ഡോ. ഗിരിശങ്കർ എസ്. എസ്. അസ്സോസിയേറ്റ് പ്രൊഫസർ, ഗവ: ലോ കോളേജ് ,എറണാകുളം .
5.വി.സി/ പി.വി.സി എന്നിവരുടെ പി എസ്
6.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ
7.എഡിബി 6/ ഓഡിറ്റ് 5/ആക്ഷൻ ടേക്കൺ റിപ്പോർട്ട്/ ഐ.ക്യു .എ. സി
8.പി.ആർ.ഒ/ കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ/ യൂണിവേഴ്സിറ്റി വെബ്സൈറ്റ്
9.സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 42226/AC A1-3/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 21-Oct-2021 12:20 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം